(ഡി) സംസ്ഥാന കമ്മീഷൻ മാസംതോറും സംഘടിപ്പിക്കുന്ന അദാലത്തുകൾ മുഖേന തർക്കപരിഹാരം ദ്രുതഗതിയിലായിട്ടുണ്ട്. കൂടാതെ, ഉപഭോക്തൃ സംരക്ഷണ രംഗത്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകൾ മുഖേന പരാതികൾ അനുരഞ്ജനത്തിലൂടെ (conciliation) തീർപ്പാക്കുന്നതിനും ഉപഭോക്തൃ ഫോറങ്ങളിലൂടെ തർക്ക പരിഹാരം നേടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും സാധ്യതകളുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലാ ഫോറങ്ങളുടെ താലൂക്കുതല ക്യാമ്പ് സിറ്റിംഗുകൾ എറണാകുളം, ഇടുക്കി താലൂക്കുകളിൽ തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ക്യാംപ് സിറ്റിംഗ് ആരംഭിക്കുന്നത് ഗവൺമെന്റ് പരിശോധിക്കുന്നു.

## കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി കെട്ടിടം

**253(3178)** ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് എന്നു മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിനായി കുന്ദമംഗലത്ത് പുതിയ ഒരു കെട്ടിടം പണിയുവരുന്നു. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 33,74,024 രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് കെട്ടിട നിർമ്മാണം നടത്തി വരുന്നത്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാവുന്നതാണ്.

## വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരായ കേസുകൾ

**254(3179)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 വർഷത്തിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത എത്ര വ്യാപാരികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തത് ; പിഴയിനത്തിൽ എത്ര രൂപാ ഈടാക്കി ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly